**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2016 — 05.10.2016 -ലെ മറുപടിക്ക്.

**ക്ഷേമനിധി പെൻഷനുകൾ**

ചോദ്യം
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

മറുപടി
**ശ്രീ. ടി. പി. രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) ക്ഷേമനിധി പെൻഷനുകൾ വിതരണം ചെയ്തത് സംബന്ധിച്ച് 09.09.2016 വരെയുള്ള വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ; | (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന എല്ലാ ബോർഡുകളിലേയും 2016 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനായി 1,52,807 തൊഴിലാളികൾക്ക് 127,29,84,000/- രൂപ (നൂറ്റിയിരുപത്തിയേഴ് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) 09-09-2016 ന് മുമ്പ് ബോർഡുകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) ഇപ്പോൾ ക്ഷേമനിധി പെൻഷനുകൾ ആരാണ് വിതരണം ചെയ്യുന്നത്; വിതരണം ചെയ്യുന്നത് സംബന്ധിച്ച് ജനങ്ങളുടെ പരാതിയും മറ്റും മാധ്യമങ്ങളിൽ വാർത്തയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ക്ഷേമനിധി പെൻഷനുകൾ ബന്ധപ്പെട്ട ബോർഡുകൾ പെൻഷൻകാരുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് വിതരണം നടത്തുന്നത്. പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പഴയരീതിയിൽ പെൻഷനുകൾ ബാങ്കുകൾ വഴി കുറ്റമറ്റ രീതിയിൽ വിതരണം ചെയ്തതുപോലെ ഇനിയും നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ക്ഷേമപെൻഷനുകൾ ലഭിച്ചുകൊണ്ടിരുന്ന തുകയിൽ കുറവ് വന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇപ്പോൾ വിതരണം ചെയ്യുന്ന ഏജൻസികൾ കമ്മീഷൻ എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (സി) മുൻപ് വിതരണം നടത്തിയതുപോലെ ഇപ്പോഴും ബാങ്ക് വഴി തന്നെയാണ് പെൻഷൻ വിതരണം നടത്തുന്നത്. പെൻഷൻ തുകയിൽ കുറവ് വന്നതായി പരാതി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**